പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 645** — **09.02.2016-ൽ മറുപടിയ്ക്ക്**

## മോഡൽ റസിഡൻഷ്യൽ സ്കൂൾ

**ചോദ്യം**

**ശ്രീ.റ്റി.വി.രാജേഷ്**

**മറുപടി**

**ശ്രീമതി.പി.കെ.ജയലക്ഷ്മി**

**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കി വരുന്നു.<br>വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യോദയം എന്ന പദ്ധതിയിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് [illegible] മികച്ച വിദ്യാഭ്യാസം നൽകി അവരെ വിദ്യാസമ്പന്നരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും അതുവഴി ഒരു ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| | | | മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും കെട്ടിടം, ടോയ്‌ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കും, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡസ്ക്ക്, പഠനമേശ, കട്ടിൽ മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി, റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്, കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി സംവിധാനം നിലവിൽ ഇല്ലാത്ത 7 സ്കൂളുകളിൽ കൂടി സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.<br>മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ് എന്നീ പദ്ധതികളും 'സർഗ്ഗോത്സവം' എന്ന പേരിൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടിസ്ഥാന സൗകര്യവികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എത്ര ഫണ്ട് ചെലവഴിച്ചു; വിശദാംശം നൽകുമോ? | ബി) | പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 48 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി ടി സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളിന്റെ ഹയർസെക്കന്ററി വിഭാഗത്തിന്റെ ഒന്നാം നില നിർമ്മാണം നടത്തുന്നതിന് 1.15 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിരുന്നു. ഇതു സംബന്ധിച്ച പ്രവൃത്തികൾ നടന്നു വരികയാണ്.<br>മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നവീകരണ പ്രവർത്തനത്തിനും അറ്റകുറ്റപണിക്കും ക്വാർട്ടേഴ്സ് നിർമ്മാണത്തിനും വേണ്ടി 4.11 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. |

Hariprriya

സെക്ഷൻ ഓഫീസർ